**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2613** **04-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈൻ എ.ബി.സി. കേബിൾ ആക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് വൈദ്യുതി ലൈൻ എ.ബി.സി. കേബിൾ ആക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അരൂർ സെക്ഷൻ പരിധിയിൽ സൗപർണിക മുതൽ വടക്കേരി വരെ 2.1 km - ഉം, യൂണിക് മുതൽ കളപ്പുരയ്ക്കൽ ഭാഗം വരെ 2.1 km - ഉം വൈദ്യുതി ലൈൻ എ ബി സി കൊണ്ട് റീകണ്ടക്ടറിങ് ചെയ്യുന്ന പ്രവർത്തികളാണ് നിലവിലുള്ളത്. ഇതിൽ സൗപർണിക മുതൽ വടക്കേരി വരെയുള്ള പ്രവർത്തി പൂർത്തീകരിച്ചു കഴിഞ്ഞു, യൂണിക് മുതൽ കളപ്പുരയ്ക്കൽ ഭാഗം വരെയുള്ള പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ അരൂർ സബ്സ്റ്റേഷൻ മുതൽ പ്രീമിയർ വരെ എച്ച് റ്റി കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് പുതിയ ലൈൻ വലിക്കുന്ന പ്രവർത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | അരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ്-21 ലെ ജനവാസമേഖലയിൽ വൈദ്യുതി ലൈൻ എ.ബി.സി. കേബിളുകൾ ആക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | അരൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ്-21 ലെ ജനവാസ മേഖലയിൽ വൈദ്യുതി ലൈൻ എ ബി സി കേബിൾ ആക്കുന്നതിന് ബഹു.MLA യുടെ 15.07.2024 - ലെ കത്തിന്റെ അടിസ്ഥാനത്തിൽ 45,43,656/- രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങുകയും അതുപ്രകാരം ഡിമാൻഡ് നോട്ട് നൽകുകയും ചെയ്തിട്ടുണ്ട്. തുക ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ